പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2220 **27-10-2026-ൽ മറുപടിയ്ക്ക്**

സഹ്യോഗ് പോർട്ടൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാരിന്റെ സഹ്യോഗ് പോർട്ടൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേന്ദ്ര സർക്കാരിന്റെ 'സഹ്യോഗ്' (Sahyog) പോർട്ടൽ സംസ്ഥാനത്ത് പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്. ഇൻഫർമേഷൻ ടെക്നോളജി നിയമം (IT Act 2000) സെക്ഷൻ 79(3)(b), ഐ.ടി. റൂൾസ് 2021-ലെ ചട്ടങ്ങൾ എന്നിവ പ്രകാരം സമൂഹമാധ്യമങ്ങളിലെ നിയമ വിരുദ്ധ ഉള്ളടക്കങ്ങൾ നീക്കം ചെയ്യുന്നതിനും, കേസന്വേഷണ ആവശ്യങ്ങൾക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനും, ഡാറ്റാ റിക്വസ്റ്റ് അയയ്ക്കുന്ന തിനുമായി പ്രസ്തുത പോർട്ടൽ ഉപയോഗിച്ചു വരുന്നു.

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഐ.ടി. ഇലക്ട്രോണിക്സ് മന്ത്രാലയവും ചേർന്ന് രൂപം നൽകിയിട്ടുള്ള സഹ്യോഗ് പോർട്ടൽ ഉപയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെല്ലാം വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: 'സഹ്യോഗ്' പോർട്ടൽ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന നിയമ നിർവ്വഹണ ഏജൻസിയായ കേരള പോലീസിനാണ് സംസ്ഥാനതലത്തിൽ പ്രസ്തുത പോർട്ടൽ ഉപയോഗിക്കുന്നതിന് പ്രധാനമായും അനുമതി നൽകിയിട്ടുള്ളത്. കേരളാ പോലീസിന്റെ കീഴിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകൾക്കും, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, സ്റ്റേറ്റ് നോഡൽ ഓഫീസർ എ.ഡി.ജി.പി. സൈബർ ഓപ്പറേഷൻസിനും 'സഹ്യോഗ്' പോർട്ടൽ വഴി നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പ്രസ്തുത പോർട്ടൽ മുഖേന സമൂഹമാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: 'സഹ്യോഗ്' പോർട്ടൽ മുഖേന സമൂഹ മാധ്യമങ്ങളിലെ ഉള്ളടക്കൾ നീക്കം ചെയ്യുന്നതിനുള്ള നിയമപരമായ നോട്ടീസുകൾ നൽകി നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാനത്തിന്റെ നിയമ നിർവ്വഹണ ഏജൻസിയായ കേരള പോലീസ് മാത്രമാണ്. വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ഏജൻസികൾ എന്നിവരുടെ ശ്രദ്ധയിൽപ്പെടുന്ന വ്യാജ പ്രചാരണങ്ങളും നിയമ വിരുദ്ധ ഉള്ളടക്കങ്ങളും കേരള പോലീസിന്റെ സൈബർ വിഭാഗത്തിന് കൈമാറുകയും, പോലീസ് അത് സാങ്കേതിക- നിയമ

പരിശോധനകൾക്ക് വിധേയമാക്കി 'സഹ്യോഗ്' പോർട്ടൽ വഴി ഇന്റർമീഡിയറികൾക്ക് നോട്ടീസ് അയച്ച് നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത്.

(ഡി) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിൽനിന്ന് മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ചിത്രങ്ങൾ ഉൾപ്പെട്ട ന്യൂസ് കാർഡുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ നീക്കംചെയ്യുന്നതിനായി പ്രസ്തുത പോർട്ടൽ മുഖേന സംസ്ഥാന സർക്കാരിന് കീഴിലുള്ള വകുപ്പുകളും ഏജൻസികളും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മറുപടി: വ്യക്തികൾ നൽകുന്ന പരാതികൾ, ഐ.ടി. റൂൾസ് 2021 പ്രകാരം റിമൂവ് ചെയ്യാൻ കഴിയുന്ന സിന്തറ്റിക്കലി ജനറേറ്റഡ് ഉള്ളടക്കങ്ങൾ (കൃത്രിമ മായി എഡിറ്റ് ചെയ്ത വീഡിയോകൾ, മോർഫ് ചെയ്ത ചിത്രങ്ങൾ) എന്നിവ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സന്ദർഭങ്ങളിൽ 'സഹ്യോഗ്' പോർട്ടൽ വഴി ഐ.ടി. റൂൾസ് റൂൾ 3(1)(d), റൂൾ 3(2)(b), ഐ.ടി. ആക്ട് സെക്ഷൻ 79(3)(b) എന്നിവ പ്രകാരം ബന്ധപ്പെട്ട സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് നോട്ടീസ് നൽകി അവ നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയവയിൽ ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചിത്രങ്ങൾ ഉൾപ്പെട്ട പോസ്റ്റുകളും ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ